**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1040** **25.01.2018-ൽ മറുപടിക്ക്**

**മറുനാടൻ തൊഴിലാളികളുടെ കണക്കും തിരിച്ചറിയൽ രേഖകളും**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) മറുനാടൻ തൊഴിലാളികൾ കൊലപാതകങ്ങളിലും മോഷണങ്ങളിലും അടുത്ത കാലത്ത് വ്യാപകമായി പ്രതികളായി വരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ജോലി തേടിയും മറ്റും എത്തുന്ന ഇവരുടെ കൃത്യമായ കണക്കും തിരിച്ചറിയൽ രേഖകളും ബന്ധപ്പെട്ടവർ കൃത്യമായി സൂക്ഷിക്കാത്തത് കാരണം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർ രക്ഷപെടാനുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ മറുനാടൻ തൊഴിലാളികളെ എത്തിക്കുന്ന ഏജൻസികൾക്കും തൊഴിലുടമകൾക്കും കൃത്യമായ വിവരങ്ങൾ നൽകാൻ കർശന നിർദ്ദേശം നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) കരാർ തൊഴിലാളി നിയമം 1970, ഇതരസംസ്ഥാന തൊഴിലാളി നിയമം 1979, ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ആക്ട് (റെഗുലേഷൻ & എംപ്ലോയ്മെന്റ് ഓഫ് സർവ്വീസസ്) 1996 എന്നിവ പ്രകാരം തൊഴിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ ഇതര സംസ്ഥാന തൊഴിലാളികൾ തൊഴിലെടുക്കുന്ന മേഖലകളിൽ പരിശോധന നടത്തുകയും മേൽ നിയമപ്രകാരം ഇവരെ രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം നൽകാറുമുണ്ട്. കൂടാതെ, ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും വിവരശേഖരണവും ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.